ശ്രീ. ടി. എ. തൊമ്മൻ : ഡയറക്ടറാഫീസിൽനിന്നു് അയച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിനു ഡയറക്ടറക്കു് അധികാരമില്ലെന്നാണോ പറഞ്ഞതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ പറഞ്ഞില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : മേലാൽ ഗവണ്മെൻറു നിർദ്ദേശപ്രകാരം തയാറാക്കുന്ന ബിൽ ഗ്രന്ഥശാലാസംഘത്തിന്റെ അഭിപ്രായത്തിനയച്ചുകൊടുത്തു് അവരുടെ അഭിപ്രായം അനുസരിച്ചു് അവതരിപ്പിക്കാനാണോ വിചാരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് അവരോടതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഗവണ്മെൻറിൽനിന്നുള്ള നിർദ്ദേശമല്ലാതെ ഡയറക്ടറാഫീസിൽനിന്നു് ഇങ്ങനെ ഒരു കരടുബില്ലയച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഏതുകാരണത്തെ കരടുബില്ലാണു് അയച്ചതെന്നു അന്വേഷിക്കുവാൻ നടപടികളെടുത്തിട്ടുണ്ടു്.

ചീഫ് ഇഞ്ചിനീയറന്മാർ.

* 1813. [28] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ചീഫ് ഇഞ്ചിനീയറന്മാരുണ്ടു് ;

(ബി) കൂടുതൽ ചീഫ് ഇഞ്ചിനീയറന്മാരെ നിയമിക്കുവാൻ ഈ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 4.

(ബി) ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവരുടെ എണ്ണം കുറയ്ക്കുവാൻ ആലോചനയുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ഇവർക്കു ഓരോ ജോലി കൊടുത്തിട്ടുള്ളതുകൊണ്ടു് തൽക്കാലം കുറയ്ക്കുവാൻ നിവർത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെ ഭരണച്ചെലവു് കൂടുതലാണെന്നു സാധാരണ പറയാറുണ്ടു്. ചീഫ് ഇഞ്ചിനീയറന്മാരുടെ എണ്ണം മറ്റു സ്റ്റേറുകളെ അപേക്ഷിച്ചു് ഇവിടെ കൂടുതലോ, കുറവോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : മറ്റു സ്റ്റേറുകളിലുള്ളതിനെക്കാൾ ഇവിടെ കുറവാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്രാസിൽ എത്രയുണ്ടു് ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇവിടത്തെക്കാൾ കൂടുതലുണ്ടു്.

തഹസീൽദാരന്മാരുടെ ഇൻക്രിമെൻറഡ് ലിസ്റ്റ്.

* 1814. [29] ശ്രീ. എൻ. രാജഗോപാലൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഹസീൽദാരന്മാരുടെ ഒരു ഇൻക്രിമെൻറഡ് ലിസ്റ്റ് തയാറാക്കിയിട്ടുണ്ടോ (Travancore-Cochin and Malabar) ;

LIBRARY ARCHIVES Kerala Legislative Assembly